LIBRARY ARCHIVES Kerala Legislative Assembly

## ചാലക്കുടിപ്പുഴയിൽ സ്റ്റോറേജ് ഡാം

175 (3610) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിപ്പുഴയിൽ മുമ്പൂർമുഴിക്കു മുകളിൽ സ്റ്റോറേജ് ഡാം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇതിനായുള്ള പരിശോധനാ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്റ്റോറേജ് ഡാമിന്റെ നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രാരംഭ സർവ്വേ പണികൾ പൂർത്തിയായി.

(ബി) ഇല്ല.

(സി) പരിശോധന കഴിയുന്ന മുറയ്ക്കും, ഫണ്ടിന്റെ ലഭ്യത അനുസരിച്ചും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## അമ്പലപ്പുഴയിലെ ട്യൂബ് വെല്ലുകളുടെ പ്രവർത്തനം

176 (3611) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള എത്ര ട്യൂബ് വെല്ലുകൾ പ്രവർത്തനം നിലച്ചതായിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(ബി) കേടായ ട്യൂബ് വെല്ലുകൾക്ക് പകരം പുതിയവ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ട്യൂബ് വെല്ലുകൾ കേടായതുമൂലം ശുദ്ധജലവിതരണം നിലച്ച പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) ട്യൂബ് വെല്ലുകൾ കേടായതിനാൽ ലക്ഷങ്ങൾ മുടക്കി പ്രവർത്തനക്ഷമമാക്കിയ ആർ. ഒ. പ്ലാന്റുകൾ ഉപയോഗശൂന്യമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കാൻ എന്ത് അടിയന്തര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?